**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2504** **06.12.2018 ൽ മറുപടിക്ക്.**

# വ്യാപാരികളുടെ ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാറിന്റെ കാലത്ത് വ്യാപാരികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് വ്യാപാരികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ വ്യാപാരി ക്ഷേമനിധി ബോർഡ് വിപുലീകരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ പെൻഷൻ 01.06.2016 മുതൽ 'ഡി' ക്ലാസിൽ 750/- രൂപയിൽ നിന്നും 1000/- രൂപയായും 'സി' ക്ലാസിൽ 800/- രൂപയിൽ നിന്നും 1050/- രൂപയായും 'ബി' ക്ലാസിൽ 900/- രൂപയിൽ നിന്നും 1150/- രൂപയായും 'എ' ക്ലാസിൽ 1100/- രൂപയിൽ നിന്നും 1350 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ആനുകൂല്യ തുക 01/04/2018 മുതൽ 'ഡി' ക്ലാസിൽ 30,000/- രൂപയിൽ നിന്നും 40,000/- രൂപയായും 'സി' ക്ലാസിൽ 40,000/- രൂപയിൽ നിന്നും 60,0000/- രൂപയായും 'ബി' ക്ലാസിൽ 60,000/- രൂപയിൽ നിന്നും 75,000/- രൂപയായും 'എ' ക്ലാസിൽ 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2014 മുതൽ 2017 വരെയുള്ള കാലത്തെ കുടിശ്ശിക പെൻഷൻ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അധികതുക വകയിരുത്തി ക്ഷേമനിധി ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വ്യാപാരികൾക്കുള്ള പുനരധിവാസ പദ്ധതി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ബി) | ഇതു സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ